## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1096** — **2.03.2017-ൽ മറുപടിയ്ക്ക്**

### മലയോര ഹൈവേ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ.ഹരീന്ദ്രൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്നും ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | മലയോര ഹൈവേ സംബന്ധിച്ച ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ച ഓരോ നിർദ്ദേശത്തെപ്പറ്റിയും വിശദമായ പഠന റിപ്പോർട്ട് NATPAC തയ്യാറാക്കി വരുന്നു. മലയോര ഹൈവേയുടെ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ പരിധിയിൽ വരുന്ന ഭാഗങ്ങൾ നാറ്റ്പാക്കുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയുണ്ടായി. 12 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി അതാത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥലമുടമകളിൽ നിന്നും സൗജന്യമായി വിട്ടുനൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമായി ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) മലയോര ഹൈവേയുടെ റൂട്ട് പ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് മലയോര ഹൈവേ കടന്നു പോകുന്നത് എന്ന് വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേയുടെ റൂട്ട് പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല. നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽ ചല്ലിമുക്ക്, പാലോട്, പെരിങ്ങമ്മല, തെന്നൂർ, വിതുര, ഇരുതലമൂല, ആര്യനാട്, കള്ളിക്കാട്, വെള്ളറട, കാരക്കോണം, പാറശ്ശാല എന്നീ പ്രദേശങ്ങളിൽ കൂടിയാണ് തിരുവനന്തപുരം ജില്ലയിലെ മലയോര ഹൈവേ കടന്നുപോകുന്നത്. |

സെക്ഷൻ ഓഫീസർ